വരുടെ ചുമലിൽ കെട്ടിവെച്ച് അവർ മനസ്സാക്ഷിയെ തൃപ്തിപ്പെടുത്തുമോ? പ്രാദേശികത, ദേശീയത എന്നിവയെപ്പററി അടിസ്ഥാനപരമായും ക്രിയാത്മകമായും പുനരാലോചിക്കാൻ ഈ പരാജയം അവരെ പ്രേരിപ്പിച്ചുവെങ്കിൽ, അവർക്കും രാജ്യത്തിനും അതുകൊണ്ടു പ്രയോജനമുണ്ടായേക്കാം.

പ്രാദേശികതയെ നിഷേധിച്ച് ആർക്കും ദേശീയതയെ പോഷിപ്പിക്കാനാവില്ല. ദേശീയതയുടെ ഏററവും മൂർത്തവും ഏററവും പ്രത്യക്ഷവും ഏററവും കാര്യക്ഷമവുമായ രൂപമത്രേ പ്രാദേശികത. പ്രാദേശികതകളെ സമന്വയിപ്പിക്കുക—നിങ്ങൾ ദേശീയത നേടുന്നു.

(7 ജനുവരി, 1983)

# 44. തെലുഗു ഗംഗ

ആന്ധ്രപ്രദേശിലെ ശ്രീശൈലത്തിൽനിന്നു കൃഷ്ണാനദിയുടെ ജലം തമിഴ്നാട്ടിലെ മദ്രാസ് നഗരത്തിലെത്തിക്കുന്നതിനുള്ള ബൃഹത്തായ പദ്ധതിയാണ് 'തെലുഗുഗംഗ'. പ്രധാനമന്ത്രി ശ്രീമതി ഇന്ദിരാഗാന്ധി മെയ് 25–ാം തീയതി മദ്രാസിൽ പദ്ധതിനിർമാണം ഉദ്ഘാടനംചെയ്തു.

മദ്രാസ് നഗരത്തിലും പരിസരങ്ങളിലുമായി എ. ഡി. രണ്ടായിരമാണ്ട് ആകുമ്പോഴേക്ക് എഴുപതു ലക്ഷം ജനങ്ങൾ പാർക്കുന്നുണ്ടായിരിക്കുമെന്നു കണക്കാക്കിയിരിക്കുന്നു. ഇവർക്കു കുടിക്കുവാനും മററു് ആവശ്യങ്ങൾ നിറവേററാനുമായി ദിവസേന മുപ്പതു കോടി ലിററർ വെള്ളമേ തമിഴ്നാട്ടിൽ ലഭ്യമായിട്ടുള്ളു. ഇതിന്റെ മൂന്നിരട്ടിയിലേറെ, തൊണ്ണൂററൊമ്പതു കോടി അമ്പതു ലക്ഷം ലിററർ വെള്ളം കൃഷ്ണാനദിയിൽനിന്നു ദിവസേന മദ്രാസ് നഗരത്തിലെത്തിക്കുകയാണ് തെലുഗുഗംഗാ പദ്ധതിയുടെ ലക്ഷ്യം. ഇതിൽനിന്നുതന്നെ ഈ പദ്ധതിയുടെ പ്രാധാന്യവും വൈപുല്യവും വ്യക്തമാണല്ലോ.

തെലുഗുഗംഗാപദ്ധതി നടപ്പിൽ വന്നില്ലെങ്കിൽ മദ്രാസ്നഗരത്തിലും പരിസരത്തിലും ജീവിതം നയിക്കുന്ന ജനങ്ങൾ കുടിനീരിനു വല്ലാതെ വിഷമിക്കുമെന്നതിൽ യാതൊരു സംശയവുമില്ല.

ചെലവേറിയ ഒരു പദ്ധതിയാണ് തെലുഗുഗംഗ. ശ്രീശൈലം ജലസംഭരണിയിൽനിന്ന് മദ്രാസ് സ്റ്റേററിന്റെ അതിർത്തിവരെ മൂന്നൂറമ്പത്തിനാലു കി. മീ.നീളത്തിൽ ആന്ധ്രപ്രദേശിൽ ഒരു തോടു വെട്ടണം. ഇവിടെനിന്ന് ഓരോന്നും 25 കി. മീ. നീളത്തിൽ രണ്ടു തോടുകൾ തമിഴ്നാട്ടിനകത്തും കഴിക്കണം. ഒന്നു പൂണ്ടി ജലസംഭരണിയിലേക്കും മറെറാന്ന് അവിടെനിന്നു ചെമ്പരം പാക്കത്തേക്കും. ആന്ധ്രപ്രദേശത്തിന്റെ അതിർത്തിക്കകത്തു തോടു കഴിക്കുന്നതിന് എഴുനൂററുപതു കോടി രൂപ ചെലവുവരുമെന്നു കണക്കാക്കിയിരിക്കുന്നു. ഈ ചെലവ് ആന്ധ്രപ്രദേശ് ഗവണ്മെന്റും തമിഴ്നാട് ഗവണ്മെന്റുംകൂടി വഹിക്കണം. തമിഴ്നാടിനകത്തുള്ള തോടുകൾ കഴിക്കുന്നതിനു മുപ്പതുകോടി രൂപയും മദ്രാസ് നഗരത്തിലും പരിസരങ്ങളിലും ജലവിതരണസംവിധാനങ്ങൾ വ്യാപിപ്പിക്കുന്നതിനും വികസിപ്പിക്കുന്നതിനും ഇരുനൂററാറു കോടി രൂപയും ചെലവുവരുമെന്നാണു മതിപ്പ്. ഈ ചെലവ് തമിഴ്നാടു ഗവണ്മെന്റുതന്നെ വഹിക്കണം.

തെലുഗുഗംഗാപദ്ധതികൊണ്ടു തമിഴ്നാടിനെന്നപോലെ ആന്ധ്രപ്രദേശത്തിനും പ്രയോജനമുണ്ട്. ശ്രീശൈലത്തിൽനിന്ന് തമിഴ്നാടി

ന്റെ അതിർത്തിവരെ തോട്ട് കടന്നുവരുന്ന വഴിയിൽ നെല്ലൂരിലും മററും ജലസേചനത്തിന് കൃഷ്ണാനദീജലം ഉപയോഗിക്കാൻ ഇതുമൂലം സാദ്ധ്യമാവും. ആന്ധ്രപ്രദേശത്തിൽ ജലസേചനാവശ്യത്തിന് ഈ തോട്ടിലൂടെ ഒഴുകുന്ന എത്ര വെള്ളം ഉപയോഗപ്പെടുത്തുന്നു എന്നും, തമിഴ്നാടിന്റെ ദാഹശമനത്തിന് എത്ര വെള്ളം വിട്ടുകൊടുക്കുന്നു എന്നും കണക്കാക്കിയാണ് ആന്ധ്രപ്രദേശത്തിനകത്തു തോടു കുഴിക്കുന്നതിനുള്ള ചെലവ് ഒടുവിൽ രണ്ടു സ്റ്റേററുകൾക്കുമിടയിൽ പങ്കിടുക. കനാലിലൂടെ ഒഴുകുന്ന വെള്ളം ഓരോ സ്റ്റേററിലേക്കും ഏതേതളവിൽ എത്തിച്ചേരുന്നു എന്നു കൃത്യമായി കണക്കാക്കാനുള്ള സംവിധാനങ്ങൾ ഉണ്ടാക്കുന്നതാണ്. ഏതായാലും ആന്ധ്രപ്രദേശത്തിനകത്തെ തോടു കുഴിക്കുന്നതിനു തമിഴ്നാട് നൽകേണ്ട ഓഹരി ഏതാണ്ട് ഇരുന്നൂറു കോടി രൂപ വരുമെന്നു മൊത്തത്തിൽ കണക്കാക്കിയിട്ടുണ്ട്. ഇതിൽനിന്നു മുപ്പതുകോടി രൂപ പണച്ചെലവിനു മുൻകൂറായി ആന്ധ്രപ്രദേശത്തിലെ മുഖ്യമന്ത്രി ശ്രീ എൻ. ടി. രാമറാവുവിനു നൽകിക്കൊണ്ടാണ് ഇന്ദിരാഗാന്ധി ഈ പദ്ധതി ഉദ്ഘാടനംചെയ്തതു്. മൂന്നു വർഷംകൊണ്ടു പദ്ധതി പൂർത്തിയാക്കുവാനാണ് ഉദ്ദേശം. ഇതിനായി കനാലിന്റെ എല്ലാ വിഭാഗങ്ങളിലും ഒരേ സമയം പണി ആരംഭിച്ചു നടത്തുന്നതാണ്.

പദ്ധതിച്ചെലവിനു വേണ്ട പണം കേന്ദ്രഗവണ്മെൻറിൽനിന്നു സഹായമായും ലോകബാങ്കിൽനിന്നു വായ്പയായും നേടാനാണ് ആന്ധ്രപ്രദേശ് ഗവണ്മെൻറ് ശ്രമിക്കുന്നതു്.

പദ്ധതി പൂർത്തിയായിക്കഴിഞ്ഞാൽ തോടുകളുടെ സംരക്ഷണച്ചെലവ് ആണ്ടിൽ മൂന്നു കോടി രൂപയോളം വരുമത്രേ. ഈ ചെലവും ആന്ധ്രപ്രദേശ്—തമിഴ്നാട്ഗവണ്മെൻറുകൾക്കിടയിൽ പങ്കിടും.

ഒരു കാലത്തു് ഇപ്പോഴത്തെ ആന്ധ്രപ്രദേശിലെ ഭൂരിഭാഗവും തമിഴ്നാടും ഒരേ മദ്രാസ് സംസ്ഥാനത്തിന്റെ ഭാഗങ്ങളായിരുന്നുവല്ലോ. മദ്രാസ് നഗരത്തിൽ അക്കാലത്തെ നിവാസികളിൽ കേവല ഭൂരിപക്ഷം തെലുഗു മാതൃഭാഷയായിട്ടുള്ളവർക്കാണെന്നു പറഞ്ഞുവന്നിരുന്നു. ഇതിനെ ആസ്പദമാക്കി മദ്രാസ് പട്ടണം തങ്ങൾക്കു വിട്ടുകിട്ടണമെന്നു തെലുങ്കന്മാർ വാദിക്കുകയുംചെയ്തിരുന്നു. ഇപ്പോഴും മദ്രാസ് പട്ടണത്തിൽ തെലുങ്കന്മാർ വളരെയുണ്ട്. ആന്ധ്രപ്രദേശിലെ മുഖ്യമന്ത്രി ശ്രീ രാമറാവു തന്നെ ഏറെക്കാലം താമസിച്ചിരുന്നതു് മദ്രാസ് നഗരത്തിലാണ്.

കൃഷ്ണനദീജലം മദ്രാസ് നഗരത്തിലേക്കു് ഒഴുക്കുന്നതിന് അനുവദിക്കാൻ ശ്രീ രാമറാവുവിനെ പ്രചോദിപ്പിച്ചതു് മുഖ്യമായും ഈ പരിഗണനയായിരിക്കണം. അതോടൊപ്പം ചുരുങ്ങിയ ചെലവിൽ നെല്ലൂർപ്രദേശത്തു രണ്ടരലക്ഷത്തോളം ഹെക്ടാർ കൃഷിഭൂമിയിൽ ജലസേചനം നടപ്പിലാക്കാമെന്നും അദ്ദേഹം കണക്കുകൂട്ടിയിട്ടുണ്ടാവാം.

സ്വാർത്ഥമാണെങ്കിൽത്തന്നെ ഉദ്ബുദ്ധമായ സ്വാർത്ഥം ആണിതു്. പരാർത്ഥത്തെപ്പോലെതന്നെ ശ്ലാഘ്യമാണ് ഈ സ്വാർത്ഥം.

ഇന്ത്യയിലെ സംസ്ഥാനങ്ങൾ തങ്ങൾക്കിടയിൽ ആവശ്യമില്ലാത്ത തർക്കങ്ങൾ കുത്തിപ്പൊക്കുന്നതിൽ മത്സരിക്കുന്നതായാണു നമ്മുടെ അനുഭവം. മഹാരാഷ്ട്രവും കർണാടകവും തമ്മിലും കർണാടകവും കേരളവും തമ്മിലും അതിർത്തിത്തർക്കങ്ങൾ നിലവിലുണ്ട്. തെരഞ്ഞെടുപ്പുകാലത്തു ന്യൂനപക്ഷങ്ങളുടെ വോട്ടു നേടാൻ ഈ തർക്കം സമർത്ഥമായി ചൂഷണംചെയ്യപ്പെടുന്നു.

ബംഗാളും ആസാമും തമ്മിലുള്ള തർക്കമാണ് ആസാമിലെ കുഴപ്പങ്ങൾക്കെല്ലാം അടിയിലുള്ളതു്.

കർണാടകപ്രദേശത്തിൽ കർണാടകഭാഷ വിദ്യാഭ്യാസരേണ മാദ്ധ്യ

മമാക്കുന്നതിനെ തമിഴർ ചെറുക്കുന്നതും ഇതു നിമിത്തം രക്തച്ചൊരിച്ചിൽവരെ ഉണ്ടാവുന്നതും നാം കാണുന്നു.

പഞ്ചാബിലെ നദീജലം രാജസ്ഥാനു കൊടുക്കരുതെന്നതാണ് അകാലികളുടെ ഒരു വാദം.

അനാരോഗ്യകരങ്ങളായ ഈ മത്സരങ്ങൾക്കിടയിൽ, സംസ്ഥാനങ്ങൾ തമ്മിലുള്ള ആത്മാർത്ഥമായ പരസ്പരസഹകരണത്തിന്റെ ഉത്തമ മാതൃകയാണ് തെലുഗുഗംഗാപദ്ധതി.

പദ്ധതിക്ക് കൃഷ്ണാപദ്ധതിയെന്നല്ലാതെ തെലുഗുഗംഗാപദ്ധതിയെന്നു പേരിട്ടതും ഉചിതമായി. ഈ പേരിലൂടെ, തെലുങ്കരുടെ ഔദാര്യത്തെ തമിഴർ എക്കാലവും ഓർക്കുന്നതായിരിക്കും. 'തെലുഗു ഗംഗ'കൊണ്ടാണല്ലോ അവരുടെ ദാഹശമനം. കൃഷ്ണയെ ഗംഗയെന്നു വിളിക്കുന്നതുവഴി തെലുങ്കർ ഇന്ത്യയുടെ സാംസ്കാരികൈക്യമെന്ന സങ്കല്പത്തെ ദൃഢപ്പെടുത്തുകകൂടി ചെയ്തിരിക്കുന്നു. കേന്ദ്രഗവണ്മെൻറുമായി വരുമാനം പങ്കിടുന്നതു സംബന്ധിച്ചും ഭരണപരമായ കാര്യങ്ങളിലും എന്തെല്ലാം അഭിപ്രായ വ്യത്യാസങ്ങളുണ്ടെങ്കിലും, ഇന്ത്യയുടെ ഐക്യത്തിൽ ദാക്ഷിണാത്യ സംസ്ഥാനങ്ങൾക്ക് അങ്ങേ അററത്തെ താല്പര്യമുണ്ടെന്ന പ്രഖ്യാപനം കൂടി ആ പേരിൽ അടങ്ങുന്നു.

കൃഷ്ണാനദീജലത്തിന്റെ വലിയൊരു പങ്ക് തമിഴ്നാടിനു സംഭാവനചെയ്യുവാനുള്ള ധീരമായ തീരുമാനം ഇത്ര വേഗത്തിലും വില പേശാതെയും തികഞ്ഞ സൗമനസ്യത്തോടെയും കൈക്കൊള്ളുവാൻ ശ്രീ എൻ. ടി.രാമറാവുവിനു കഴിഞ്ഞതു് സ്റ്റേററിലെ മുഴുവൻ ജനങ്ങളുടെയും പിന്തുണ തനിക്കുണ്ടെന്ന വിശ്വാസംമൂലമാണ്.

സമർത്ഥനായ ഒരു രാഷ്ട്രീയപ്രവർത്തകനാണു താനെന്ന് ശ്രീ രാമറാവു മുമ്പേ തെളിയിച്ചിട്ടുണ്ട്. ഉദാരഹൃദയനായ ഒരു രാഷ്ട്രനിർമാതാവുകൂടിയാണു താനെന്ന് തെലുഗുഗംഗാപദ്ധതിയിലൂടെ ഇപ്പോൾ തെളിയിച്ചിരിക്കുന്നു.

(26 മേയ്, 1983)

# 45. വിജയവാഡ സമ്മേളനം

ആന്ധ്രപ്രദേശ് മുഖ്യമന്ത്രി ശ്രീ എൻ. ടി. രാമറാവുവിന്റെ അറുപത്തൊന്നാം പിറന്നാളിനോടും, ശ്രീ റാവുവിന്റെ പാർട്ടിയായ 'തെലുഗുദേശ'ത്തിന്റെ ഒന്നാം വാർഷികത്തോടും അനുബന്ധിച്ച് ഇന്ദിരാകോൺഗ്രസ്സിനെ എതിർക്കുന്ന പതിന്നാലു രാഷ്ട്രീയപ്പാർട്ടികളുടെ ഇരുപത്തിനാലു വലിയ നേതാക്കൾ പങ്കെടുത്ത ആലോചനായോഗം, മേയ് 28-ാം തീയതി വിജയവാഡയിൽനിന്നു പതിനാറു കി. മീ. ദൂരെ ഇബ്രാഹിംപട്ടണം എന്ന സ്ഥലത്ത് കുന്നിൻമുകളിലുള്ള വിജയവാഡ തെർമൽ പവർ സ്റ്റേഷന്റെ അതിഥിമന്ദിരത്തിൽ നാലര മണിക്കൂർ നേരം നടന്നു. കാശ്മീർ, കർണാടകം, ആന്ധ്രപ്രദേശ്, തമിഴ്നാട് എന്നീ സ്റ്റേററുകളിലെ മുഖ്യമന്ത്രിമാർ യോഗത്തിൽ സന്നിഹിതരായി. ഇവർക്കു പുറമേ, സമകാല ഭാരത രാഷ്ട്രീയത്തിലെ അതികായന്മാരെന്നു കരുതപ്പെടുന്ന ജഗ്ജീവൻ റാം, എച്ച്. എൻ. ബഹുഗുണ, എസ്. എസ്. ബർണാല (അകാലിദൾ), എൽ. കെ. അഡ്വാനി (ബി. ജെ. പി.), രവീന്ദ്രവർമ (ജനത), എസ്. എൻ. മിശ്ര (ലോക്ദൾ), ശരദ്പവാർ(കോൺഗ്രസ് എസ്.) ബാസവപുന്നയ്യ (മാർക്സിസ്റ്റ്), രാജേശ്വരറാവു (സി. പി. ഐ.),